20 (*140) ട്രാവൻകൂർ ടൈറ്റാനിയത്തിലെ മലിനീകരണം പഠിക്കുവാൻ വിദഗ്ധ സമിതി

ശ്രീ. ബി. വിജയകുമാർ
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നിന്ന് പുറംതള്ളുന്ന മലിനജലം നിർവീര്യമാക്കുന്നതിനുള്ള നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാമെന്നാണ് കോസ്റ്റൽ അപ്പ്ലിഫ്റ്റ് അസോസിയേഷനുമായുള്ള ചർച്ചയിൽ ഗവൺമെന്റ് ഉറപ്പുകൊടുത്തത്;

(ബി) ഈ ഉറപ്പനുസരിച്ച് പ്രസ്തുത ഫാക്ടറി ഇക്കാര്യത്തിൽ എന്തെല്ലാം നടപടിയെടുത്തു;

(സി) ഫാക്ടറിമൂലമുള്ള വായു മലിനീകരണത്തെപ്പറ്റി പഠിക്കുവാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കാമെന്നും അതിൽ പ്രസ്തുത അസോസിയേഷൻ നിർദ്ദേശിക്കുന്ന വിദഗ്ധാംഗത്തെ ഉൾപ്പെടുത്താമെന്നും ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടോ;

(ഡി) അതിൻപ്രകാരം പ്രസ്തുത അസോസിയേഷൻ ഒരു വിദഗ്ദ്ധന്റെ പേര് നിർദ്ദേശിച്ചുവോ; എങ്കിൽ എന്ന്; ആരെയാണ് നിർദ്ദേശിച്ചത്;

(ഇ) ഗവൺമെന്റ് സമ്മതിച്ച പ്രകാരം വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കോസ്റ്റൽ അപ്പ്ലിഫ്റ്റ് അസോസിയേഷൻ പ്രതിനിധികളുമായി 13-3-2000-ൽ മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് ബഹു.വ്യവസായ വകുപ്പു മന്ത്രി നടത്തിയ ചർച്ചയിൽ ജലമാലിന്യം പൂർണ്ണമായി ഒഴിവാക്കുന്നതിനും പാഴ്ജലം ശുദ്ധീകരണം നടത്തി വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള ഒരു പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഒരു പദ്ധതി നടപടിക്രമങ്ങൾ പാലിച്ച് ആറു മാസത്തിനകം തുടക്കമിടുന്നതിനും ഇക്കാര്യത്തിൽ ഗവൺമെന്റ് ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കേണ്ടതാണെന്നുമാണ് തീരുമാനിച്ചത്. പ്രസ്തുത തീരുമാനമനുസരിച്ച് സർക്കാർ 14-3-2000-ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി) 263/2000/വ്യവ നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിനുള്ളിൽ നടപടി ക്രമങ്ങൾ പാലിച്ച് പദ്ധതിക്ക് തുടക്കമിടണമെന്ന നിർദ്ദേശം കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ബി) ജർമ്മൻ സാങ്കേതിക വിദ്യയെപ്പറ്റി വിശദമായി പഠിക്കാനും തുടർനടപടികൾ സ്വീകരിക്കാനും വേണ്ടി ഒരു ഉന്നതതല ഉദ്യോഗസ്ഥ സംഘത്തെ ജർമ്മനിയിലേക്കയ്ക്കാൻ 3.4.200-ൽ കൂടിയ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ജർമ്മൻ യാത്രയ്ക്ക് അനുമതി തേടിക്കൊണ്ട് സർക്കാരിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോസ്റ്റൽ അപ്പ്ലിഫ്റ്റ് അസോസിയേഷൻ 24-3-2000-ൽ മൂന്ന് പേരുകൾ നിർദ്ദേശിച്ചിരുന്നു. അവർ സർവ്വശ്രീ. പ്രൊഫ. എം. സ്റ്റീഫൻ, ഡോ.ട്രീസ, ഡോ. സലാഹുദീൻ കുഞ്ഞ് എന്നിവരാണ്.

(ഇ) ഉണ്ട്.

21 (*141) ജനകീയ മത്സ്യക്കൃഷി

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം എത്ര ഹെക്ടർ സ്ഥലത്താണ് ജനകീയമത്സ്യക്കൃഷി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ

(ബി) ഇതിനായി ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ച്വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയ മത്സ്യക്കൃഷി സംസ്ഥാനത്ത് വ്യാപകമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(ഡി) കൊഞ്ച് മുതലായ വിലയേറിയ മത്സ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സ്വകാര്യ ഹാച്ചറികളെ സഹകരിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) ഹാച്ചറികൾ തുടങ്ങുവാൻ സാങ്കേതിക സഹായം നൽകാനും സാമ്പത്തിക സഹായം നൽകാനുമുള്ള പദ്ധതി ആവിഷ്കരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) 12000 ഹെക്ടർ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ജനകീയ മത്സ്യക്കൃഷിയിൽ ഇപ്പോൾ തന്നെ സംസ്ഥാനത്തെ 817 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും ഉൾപ്പെടെ 862 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പങ്കെടുക്കുന്നുണ്ട്. മത്സ്യക്കൃഷിയ്ക്ക് സാധ്യതയുള്ള കൂടുതൽ പ്രദേശങ്ങൾ ജനകീയ മത്സ്യക്കൃഷിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത സർവ്വേ പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ എല്ലാ പഞ്ചായത്തുകൾക്കും പ്രാദേശിക പ്രാധാന്യമുള്ള മത്സ്യമേഖല പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ സഹായകമാകുന്ന തരത്തിൽ പഞ്ചായത്ത് ഫിഷറീസ് പ്ലാനുകൾ തയ്യാറാക്കുവാനുള്ള പരിപാടികളും ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly